# മണിനാദം

"ഒരു മഹാസമുദ്രത്തിന്റെ നടുവിൽ പെട്ട അവസ്ഥയാണ് എന്റേത്. ചുറ്റും തണുത്തുറച്ച വെള്ളം, വാനിൽ കടിച്ചുകീറാൻ നിൽക്കുന്ന പക്ഷികൾ, കരയിൽ രക്തത്തേക്കാൾ മാംസം ഇഷ്ടപ്പെടുന്ന നരഭോജികൾ, താഴെ ഒരിറ്റ് രക്തത്തിനായി കാത്തു നിൽക്കുന്ന മത്സ്യങ്ങൾ" അയാൾ ഒരു ഭ്രാന്തനെപോലെ പതിയെ മന്ത്രിച്ചു. ഒരു നഗരം പൂർണ്ണമായി മറക്കുന്ന ഒരു മലയുടെ മുകളിൽ അന്തരീക്ഷത്തിൽ പൂർണ്ണമായി അലിഞ്ഞുചേരാൻ അയാൾ മിഴിച്ചു നിന്നു. തന്റെ പൊന്നോമനയുടെ മുഖം അവസാനമായി ഒരിക്കൽ കൂടി ധ്യാനിച്ചുകൊണ്ട് അയാൾ ഓരോ ചുവടും മുന്നോട്ട് വെച്ചു. ജീവിതത്തിന്റെ നശ്വരത അയാൾ ആ അനന്തമായ താഴ്ചയിൽ നോക്കി കണ്ടു. പക്ഷെ മരണക്കിടക്കയിൽ "ജീവിച്ചു കൊതി തീർന്നില്ല മകനേ" എന്ന വാക്കുകളോടെ അന്ത്യശ്വാസം എടുത്ത

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

തന്റെ വൃദ്ധ മാതാവിന്റെ മുഖം അയാളെ
പിന്നോട്ട് വലിച്ചു. തന്റെ ജീവിതമാകുന്ന
പടക് എത്രമാത്രം ആഴത്തിൽ മുങ്ങിപ്പോയി
എന്ന് അയാൾ അപ്പോൾ മനസ്സിലാക്കി.
തന്റെ ശരീരത്തിൽ ഉണ്ടായ ആത്മവിശ്വാസത്തി
ന്റെ ഊർജ്ജം അയാളെ താഴെ മലയുടെ
കീഴിൽ ആത്മാഭാവോടെ എത്തിച്ചു.
തിരിച്ചു പോകാൻ അയാൾ
നടന്നു. എന്നാൽ "എവിടേക്ക്?" എന്ന ചോദ്യം
അയാളെ ഒരു നിമിഷം നിശ്ചലനാക്കി.
തന്റെ കാൽ ചുവട്ടിൽ എത്തിപ്പെട്ട ഒരു
ചിരിച്ച പെൺകുട്ടിയുടെ ചിത്രം അയാളെ
ഒരു നിമിഷം ചിന്തയിൽ ആക്കി. തന്റെ
കണ്ണുകളിൽ നിന്ന് നീർ തുള്ളികൾ പതിയെ
ആ കടലാസിൽ വന്നു ചേർന്നു. മറ്റാരുമല്ല
തന്റെ മകളുടെ ചിത്രമാണ് അയാളെ ആ
തിരക്കേറിയ റോഡിന്റെ നടുവിൽ നിശ്ചലനാക്കി
യത്. കലോത്സവ വേദിയിൽ സ്വർണ്ണകപ്പുമായി
ലോകം കീഴടക്കിയ സന്തോഷത്തിൽ അവളുടെ
മുഖത്ത് പതിഞ്ഞ അതേ പുഞ്ചിരി അയാളുടെ

(Note: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 113

മനസ്സിൽ ഒരു മിന്നായം പോലെ വന്നുപോയി.
അടുത്തു കണ്ട ഒരു മരത്തിന്റെ തണലിൽ
അയാൾ ഇരുന്നു. അടുത്ത് മരവിച്ച് പ്രാണൻ
വെടിഞ്ഞു കിടന്ന ഒരു കിളിയെ നോക്കി
അയാൾ ഓർമ്മകളുടെ ലോകത്തേക്ക് അലി
ഞ്ഞു ചേർന്നു. കണ്ണുകൾ അടയ്ക്കുമ്പോൾ
അവളുടെ നിർജ്ജീവമായ കണ്ണുകൾ അയാൾക്ക്
പ്രത്യക്ഷപ്പെട്ടിരുന്നു. വർഷങ്ങൾക്ക് മുമ്പ്
ഇതേ മരച്ചുവട്ടിൽ ഇരുന്ന ഒരു പിഞ്ചു്
ബാലന്റെ ചിത്രം അപ്പോൾ അയാളുടെ
മനസ്സിൽ വന്നു. ആ ബാലന്റെ കണ്ണിൽ
അന്ന് ജ്വലിച്ചത് പകയാണോ ദുഃഖമാണോ
എന്ന് ഇന്നും അയാൾക്ക് മനസ്സിലാക്കാൻ
കഴിഞ്ഞിട്ടില്ല.

ഡിസംബർ 25-ന്റെ തണുത്ത
രാത്രി. മകന് ക്രിസ്മസ് സമ്മാനം വാങ്ങുവാ
ൻ പോയ രണ്ടു ദമ്പതിമാർ. എന്നാൽ
അവർ വെള്ള പുതച്ചു് വെറും ശരീരമായോ
യിരുന്നു. തിരിച്ച് വീട്ടിലേക്ക് വന്നത്. വിറച്ച
കൈകളോടും വിയർത്ത കാലുകളോടും കൂടെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അന്ന് വീടിന്റെ പടി ഇറങ്ങിപ്പോവനായിരുന്നു ഞാൻ പണമില്ലാത്തതുകൊണ്ട് ഹോസ്പിറ്റലിൽ വീണ് കിടന്ന ചവറിന്റെ വിലയേ അന്ന് അവന്റെ മാതാപിതാക്കൾക്ക് ദൈവത്തിന്റെ ദൂതന്മാരും മാലാഖമാരും കൊടുത്തുള്ളൂ. അന്ന് ആ കൊച്ച് ബാലന്റെ മനസ്സിൽ പതിഞ്ഞ പണം എന്ന തത്ത്വം ആണ് അവനെ ഇന്നൊരു ചോരയില്ലാത്ത മൃഗമാക്കി മാറ്റിയത്. അവൻ പഠിച്ചു, വളർന്നു, ഒരു നല്ല ജീവിത പങ്കാളിയെ കണ്ടെത്തുകയും ചെയ്തു. എന്നാൽ വിധിയുടെ ചൂതാട്ടത്തിൽ അവൻ അന്നും ഒരു പണമാ വസ്തു മാത്രമായിരുന്നു തന്റെ ജീവിതം മുഴുവനും അയാളുടെ മകൾക്കാണ് എന്ന് അയാൾ ശപഥം ചെയ്തത് ഒരു നിമിഷം അയാൾ ഓർത്തെടുത്തു.

രാജ്യത്തിൽ നടക്കുന്ന ഏറ്റവും ഉയർന്ന നൃത്ത വേദിയിൽ കാൽ വെയ്ക്കുവാൻ അവസരം നേടിയ അയാളുടെ മകൾ അന്ന ജീവിതത്തിൽ ഒരു കാര്യമേ തന്റെ പിതാവിനോട്

ആഗ്രഹിച്ചിട്ടുണ്ടാകുള്ളൂ. "അച്ഛൻ കൂടെ വരണം"
ഒരു തേങ്ങുന്ന സ്വരത്തോടെ തന്റെ പിതാവിന്റെ
കൈകൾ പിടിച്ച് അവൾ പറഞ്ഞു. എന്നാൽ
ജീവിത ബന്ധങ്ങളുടെ മൂല്യം നഷ്ടപ്പെട്ട
അയാൾ ആ കൈകൾ എടുത്തു മാറ്റി.
ജീവിതത്തിൽ വേണ്ടോളം സമ്പാദിച്ച അയാൾ
ഒരു നിമിഷം തന്റെ മകളുടെ സ്നേഹം
സമ്പാദിക്കുവാൻ മറന്നു പോയി. മാസങ്ങൾക്കു
മുമ്പ് അയാൾ വഴിയരികിൽ വെച്ചു പരിചയ
പ്പെട്ട ഒരു വഴിപോക്കന്റെ കൂടെ അവളെ
പറഞ്ഞയക്കാൻ അയാൾ സമ്മതം മൂളി.
എന്നാൽ നൃത്ത വേദിയിൽ അലിഞ്ഞു ചേരാൻ,
ആഗ്രഹിച്ച അവൾ ഭൂമിയിൽ അലിഞ്ഞു
ചേരുമെന്ന് അയാൾ പ്രതീക്ഷിച്ചില്ല. ഓർമ്മക
ളുടെ കാഠിന്യം നിമിത്തം അയാൾ ഉറക്കത്തിൽ
നിന്ന് ഉണർന്നു. തന്റെ ഓമനമകളെ
അവസാനമായി ഒന്നു കാണുവാൻ അമ്മക്കിളി
അവിടെ പ്രത്യക്ഷമായി. ആ കാഴ്ചകണ്ട്
അയാൾ പൊട്ടിക്കരഞ്ഞു. ചെറുപ്പത്തിൽ
അമ്മയെ കാണാൻ വാശിപിടിച്ച അന്നയെ

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 113

അയാൾ ഓർത്തെടുത്തു. സമയത്തിന്റെ അനശ്വരതയിൽ ഭേദ്യങ്ങൾക്ക് മുകളിൽ ഇനിയൊന്നും അമ്മയുടെ മടിയിൽ ചേർന്ന് കിടക്കാൻ അവൾക്ക് പറ്റും എന്ന് ഓർത്തപ്പോൾ അയാൾ ആശ്വസിച്ചു. വഴിയിൽ ഒരു പ്ലാസ്റ്റിക് കുപ്പിപോലെ ഉപയോഗശൂന്യമായി കിടന്ന അവളുടെ നിർജ്ജീവമായ ശരീരം അയാൾ ഓർത്തെടുത്തു. അവളുടെ പിഞ്ചു ശരീരത്തിൽ നിന്ന് അവയവങ്ങളെ അടർത്തിയെടുക്കപ്പെട്ടിരുന്നു. ~~അന്ന്~~ ഊടുന്ന് മാറിയ അവളുടെ മൃദുലമായ ~~കരങ്ങ~~ കരങ്ങൾ അയാൾ അന്ന് നെഞ്ചോട് ~~ചേ~~ ചേർത്ത് പിടിച്ചു. എന്നാൽ അവളുടെ കൈകളിൽ നിറഞ്ഞ തണുപ്പ് അയാളെ മരവിപ്പിച്ചുപോയി.

ഇനി ഈ പടികൾ ചവിട്ടുകയില്ല എന്ന് ദൃഢ നിശ്ചയം എടുത്ത അയാൾ അന്ന് നിസ്സഹായനായി തന്റെ പൊന്നോമനയുടെ തണുത്തുറച്ച ശരീരം കൈയിൽ എടുത്തുകൊണ്ട് അയാൾ ആശുപത്രിയുടെ ~~ചവിട്ടുകൾ~~ പടികൾ

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ചവിട്ടി കയറി. തന്റെ പൊന്നോമനയുടെ
ശരീരത്തിൽ ഒരു നേർത്ത ശ്വാസം നിലനിർ
ത്താൻ അയാൾ വെള്ള വസ്ത്ര ദൈവത്തിന്റെ
ദൂതന്മാരുടെ കാലുകൾ കഴുകി. താൻ സമ്പാ
ദിച്ചതെല്ലാം അവരുടെ കാലുകളിൽ സമർ
പ്പിച്ചു. എന്നാൽ ~~[illegible]~~ അവർ ചോദിച്ച ഒരു
സംഖ്യ അല്ല ഒരു ജീവന്റെ വില എന്ന്
അയാൾ അന്ന് മനസ്സിലാക്കി. തന്റെ മകളെ
കടിച്ചു കീറിയവരെ കാലപുരി പൂകിക്കാൻ
അയാൾ പലരെയും ആശ്രയിച്ചു. എന്നാൽ
നിയമം അയാളെ ഭ്രാന്തൻ എന്ന് മുദ്രകുത്തി
ഒരു നിമിഷം ലോകം മുഴുവൻ ഒരു
വലയായി ~~[illegible]~~ അയാൾക്ക് മുന്നിൽ
കാണപ്പെട്ടു. ഒരു മരത്തിന്റെ ദ്വാരത്താലും
വലുപ്പം ഉണ്ടായിരുന്ന വലക്കണ്ണികൾക്ക്
ഇപ്പോൾ വിരലുകൾ കടത്തുവാൻ മാത്രം
കഴിയുന്ന ഒരു പഴുതിന്റെ വലുപ്പം.
അയാൾ നടന്ന് നടന്ന്
തന്റെ വാടക മുറിയിൽ എത്തി. ജനാലകൾ
വാതിലുകൾ, ഒരു നിമിഷം കൊണ്ട് അയാൾ

(Note: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പെയ്തിച്ചു. കൂട്ടിലടയ്ക്കപ്പെട്ട ഒരു കിളിയെ പോലെ അയാൾ ആ മുറിയിൽ നിശബ്ദനായി ഇരുന്നു. പാവക്ക നാദം പതുക്കെ തുടരെക്കേട്ടു. കാലന്റെ സംഗീതം പോലെ അതിന്റെ ശബ്ദം അയാളെ ഭ്രമിപ്പിച്ചു. അയാൾ പതുക്കെ കണ്ണുകൾ അടച്ചു. അയാളുടെ ഹൃദയമിടിപ്പ് പതുക്കെ നിശ്ചലമായി തുടങ്ങി. തന്റെ ആത്മാവ് തന്നിൽ നിന്ന് വലിച്ചെടുക്കപ്പെടുന്നത് പോലെ അയാൾ അനുഭവിച്ചു. ആ വിഷവായുവിലേക്ക് പതിയെ അലിഞ്ഞു ചേരാൻ അയാൾ ആഗ്രഹിച്ചു. അയാൾ മരണത്തിന്റെ നിശബ്ദത പതിയെ ആസ്വദിച്ചു തുടങ്ങി. പെട്ടെന്ന് ഒരു നാദം കേട്ട് അയാൾ ജീവനിലേക്ക് ഉണർന്നു. താൻ മകൾക്ക് കെട്ടിക്കൊടുത്ത ചിലങ്ക അകലെ നൃത്ത ചുവടുകൾ വെച്ചതുപോലെ അയാൾക്ക് തോന്നി. അനന്ത ഓർമ്മപ്പുറത്ത് ഒരു മണിനാദം പോലെ...

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)